## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1650 | | | 10.02.2020-ൽ മറുപടിയ്ക്ക് |
|---|---|---|---|
| **കൊച്ചി നഗരസഭയുടെ അമൃത് പദ്ധതി** | | | |
| **ചോദ്യം** | | | **ഉത്തരം** |
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | | | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |
| (എ) | കൊച്ചി നഗരസഭയുടെ 15, 16, 17 ഡിവിഷനുകളിൽ അമൃത് പദ്ധതിയിൽ സീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ 44.56 കോടി രൂപയ്ക്ക് ഭരണാനുമതിയും 42.95 കോടി രൂപയ്ക്ക് സാങ്കേതികാനുമതിയും നൽകിയിട്ടുള്ള ഡിസെൻട്രലൈസ്ഡ് സീവറേജ് പദ്ധതിയുടെ നിജസ്ഥിതി വ്യക്തമാക്കാമോ; | (എ), (ബി) & (സി) | മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു. ആദ്യ രണ്ട് ടെന്ററുകളിൽ പ്രതികരണം ലഭിച്ചിരുന്നില്ല. മൂന്നാമത്തെ ടെന്ററിൽ ഡിവിഷൻ 16, ഡിവിഷൻ 17 എന്നീ പ്രവൃത്തികളുടെ ഏക ദർഘാസുകൾ യഥാക്രമം 30.71% ഉം 48.83% ഉം എസ്റ്റിമേറ്റിനേക്കാൾ അധികനിരക്കിൽ കരാർ ലഭിച്ചിരുന്നു. നാലാമത്തെ ടെന്ററിൽ ഡിവിഷൻ 15 ലെ പ്രവൃത്തിക്ക് 57.79% അധിക നിരക്കിൽ ദർഘാസ് ലഭിച്ചിരുന്നു. മേൽ പ്രവൃത്തികളുടെ ദർഘാസ് നിരക്കുകൾ എസ്റ്റിമേറ്റിനേക്കാൾ അധിക നിരക്കായതിനാൽ പുതുക്കിയ എസ്റ്റിമേറ്റിന് അമൃത് പദ്ധതികളുടെ ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭ്യമാകേണ്ടതുണ്ട്. ഉന്നതാധികാര സമിതിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതാണ്. |
| (ബി) | ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | | |
| (സി) | ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ